പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2361 — 01.04.2013-ൽ മറുപടിക്ക്

## ഡോക്ടർമാരുടെ അനാസ്ഥമൂലം പ്രസവത്തിനിടെ മരണപ്പെട്ടവർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. കെ. എസ്. സലീഖ : | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |

(എ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം നാളിതുവരെ വിവിധ സർക്കാർ ആശുപത്രികളിൽ പ്രസവത്തിനിടയിലും, പൂർണ്ണ ഗർഭിണിയായിരിക്കെയും എത്ര പേർ മരണപ്പെട്ടുവെന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ ; ഇതിൽ കൂടുതൽ പേർ മരണപ്പെട്ടത് ഏതു സർക്കാർ ആശുപത്രിയിലാണ് ; വ്യക്തമാക്കുമോ ;

(എ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം നാളിതുവരെ സർക്കാർ ആശുപത്രികളിൽ പ്രസവത്തിനിടയിലും, പൂർണ്ണ ഗർഭിണിയായിരിക്കെയും 94 (തൊണ്ണൂറ്റി നാല്) പേർ മരണപ്പെട്ടിട്ടുണ്ട്. ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 26 |
| കൊല്ലം | 1 |
| പത്തനംതിട്ട | 0 |
| ആലപ്പുഴ | 4 |
| കോട്ടയം | 18 |
| ഇടുക്കി | 1 |
| എറണാകുളം | 1 |
| തൃശ്ശൂർ | 8 |
| പാലക്കാട് | 0 |
| മലപ്പുറം | 1 |
| കോഴിക്കോട് | 29 |
| വയനാട് | 0 |
| കണ്ണൂർ | 2 |
| കാസർക്കോട് | 3 |
| ആകെ | 94 |

ഇതിൽ കൂടുതൽ പേർ മരണപ്പെട്ടത് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലാണ്.

| | |
|---|---|
| (ബി) ഈ മരണങ്ങളിൽ പലതും ഡോക്ടർമാരുടെ കൈപ്പിഴവുമൂലം സംഭവിച്ചതാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ഇപ്രകാരമുളള ഒരു പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) ഇപ്രകാരം മരണപ്പെട്ട എത്രപേരുടെ കുടുംബങ്ങൾക്കു ധനസഹായം നൽകിയെന്നും, ആയതുവഴി ആരോഗ്യവകുപ്പിന് എത്ര തുക ചെലവഴിക്കേണ്ടിവന്നുവെന്നും വ്യക്തമാക്കുമോ ; | (സി) നിലവിൽ ആരോഗ്യവകുപ്പിൽ നിന്നും മാതൃ മരണം സംഭവിച്ച കുടുംബങ്ങൾക്ക് ധനസഹായം നൽകുന്നില്ല. |
| (ഡി) ഇപ്രകാരം മരണപ്പെടുന്ന എല്ലാവരുടെയും കുടുംബങ്ങൾക്കു ധനസഹായം നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ ; | (ഡി) ഇപ്പോൾ പരിഗണനയിലില്ല. |
| (ഇ) ഇത്തരത്തിലുള്ള മരണം സംഭവിച്ചതിന്റെ ഭാഗമായി എത്ര ഡോക്ടർമാർക്കെതിരെ നടപടി സ്വീകരിച്ചുവെന്നും, ഇതിൽ എത്ര ഡോക്ടറിതര ജീവനക്കാർ നടപടിക്കു വിധേയരായിട്ടുണ്ടെന്നും വ്യക്തമാക്കുമോ ? | (ഇ) ഒരു ഡോക്ടർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. ഡോക്ടറിതര ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ